(ബി) 2012-13 വർഷം പി.എം.ജി.എസ്.വൈ.യുടെ ഭൗതിക ലക്ഷ്യം വിവിധ സാങ്കേതിക കാരണങ്ങളാൽ പൂർണ്ണമായി കൈവരിച്ചിട്ടില്ല. 2012-13 സാമ്പത്തികവർഷം 108.711 കി.മീ. ദൈർഘ്യം വരുന്ന 46 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 2013-14 സാമ്പത്തികവർഷം 745.94 കി.മീ. ദൈർഘ്യം വരുന്ന 320 റോഡുകളാണ് നിർമ്മിക്കാൻ ലക്ഷ്യമിട്ടിരുന്നത്.

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ താഴെപ്പറയുന്ന റോഡുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്:

1. അമ്പലപ്പാറ പഞ്ചായത്തിലെ കടമ്പൂർപള്ളി കടവ് റോഡ് 2.01 കി.മീ. - 144.77 ലക്ഷം.
2. അമ്പലപ്പാറ പഞ്ചായത്തിലെ ലക്ഷം വീട് കുനമല റോഡ് 1.95 കി.മീ. - 143.62 ലക്ഷം.
3. അമ്പലപ്പാറ പഞ്ചായത്തിലെ കണ്ണമങ്ങലം നോർത്ത് റോഡ് 1.30 കി.മീ. - 108.17 ലക്ഷം.
4. പൂക്കോട്ടുക്കാവ് പഞ്ചായത്തിലെ പൂക്കോട്ടുക്കാവ് കോവിലങ്ങിൽ പടി റോഡ് 4.365 കി.മീ. - 235.53 ലക്ഷം.
5. കരിമ്പുഴ പഞ്ചായത്തിലെ പോമ്പ്ര കടപ്പാറ റോഡ് 3.75 കി.മീ. - 248.80 ലക്ഷം.

മാവേലിക്കര മണ്ഡലത്തിൽ ഇന്ദിര ആവാസ് യോജന പദ്ധതി അനുസരിച്ച് അനുവദിച്ച വീടുകൾ

20 (7317) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ ഇന്ദിര ആവാസ് യോജന പദ്ധതിയനുസരിച്ച് അനുവദിച്ച വീടുകളുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) 2013-14, 2014-15 വർഷങ്ങളിൽ മണ്ഡലത്തിൽ അനുവദിച്ച വീടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) അനുവദിച്ചവയിൽ എത്രയെണ്ണം പ്രസ്തുത കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട് ; പൂർത്തീകരിക്കാത്തവ എത്ര ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം വീട് നിർമ്മാണം ആരംഭിച്ചവർക്ക് തുടർനിർമ്മാണത്തിന് ധനസഹായം ലഭിക്കാത്തതുമൂലം നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തുടർന്നുള്ള ധനസഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

നാട്ടിക മണ്ഡലത്തിൽ നബാർഡ് പദ്ധതികൾ

21 (7318) ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാട്ടിക നിയോജകമണ്ഡലത്തിൽ നബാർഡിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഈ പ്രവൃത്തികളിൽ നിർമ്മാണം പൂർത്തിയായവയും അല്ലാത്തതുമായവ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(സി) പൂർത്തിയാവാത്ത നിർമ്മാണ പ്രവൃത്തികൾ എന്ന് തീരുമെന്നും കാലതാമസം ഉണ്ടെങ്കിൽ കാരണവും വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാട്ടിക നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ഒന്നും അനുവദിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

ആറ്റിങ്ങൽ മണ്ഡലത്തിൽ നബാർഡിന്റെ പദ്ധതികൾ

22 (7319) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ 2013 മാർച്ചിനുശേഷം ഇതുവരെ നബാർഡിന്റെ സഹായത്താൽ ഏതെല്ലാം പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രദേശത്ത് നബാർഡിന്റെ സഹായത്തോടെ ഇപ്പോൾ നടന്നുവരുന്ന നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly